# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025 – 2026

## സ്നേഹാലയം സി.എസ്.ഐ.
## ഹൈസ്കൂൾ ഫോർ ദ ഡഫ്
## കുന്നംകുളം

# ആമുഖം

സർക്കാർ ഈ വർഷം 'സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി'ക്ക് തുടക്കമിട്ടിരിക്കുകയാണ്. പൊതു വിദ്യാലയങ്ങളുടെ ഭൗതികവും അക്കാദമികവും സാമൂഹികവുമായ എല്ലാ പരിമിതികളും പരിഹരിച്ച് ഉന്നത നിലവാരത്തിൽ കുട്ടികൾക്ക് വിദ്യാഭ്യാസം ഉറപ്പുവരുത്തുകയും അതുവഴി കുട്ടികളുടെ സമഗ്രമായ പുരോഗതി ലക്ഷ്യമിടുകയും ചെയ്യുന്നു.

സ്നേഹാലയം സി.എസ്.ഐ. ഹൈസ്കൂൾ ബധിരരായ കുട്ടികളുടെ ഉന്നമനത്തിന് വേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ സാധ്യമായ എല്ലാ പ്രയത്നങ്ങളും ചെയ്തു വരുന്നു. ശ്രവണ -സംസാര വൈകല്യമുള്ള 24 കുട്ടികൾ ഇവിടെ പഠിക്കുന്നു. ജനറൽ സ്കൂളുകളിൽ പഠിക്കുന്ന അതേ വസ്തുതകൾ അനുരൂപീകരണം നടത്തി പ്രത്യേക പരിശീലനം നേടിയ അധ്യാപകരാണ് ഇവരെ പഠിപ്പിക്കുന്നത്. ബധിരത മൂലം സംസാരിക്കാൻ കഴിയാത്ത ഈ കുട്ടികൾക്ക് അത് മറികടക്കാനാവശ്യമായ ശ്രവണ സഹായികളുടെ ഉപയോഗം Speech Therapy, Lip reading, Auditory training ഇവയ്ക്ക് ഇവിടെ വളരെ പ്രാധാന്യം നല്കുന്നു.

ഓരോ ക്ലാസിലും കുട്ടികളുടെ എണ്ണം വളരെ പരിമിതമാകയാൽ ഓരോ കുട്ടിക്കും പ്രത്യേക പരിഗണന, ശ്രദ്ധ ഇവ നൽകാൻ കഴിയുന്നു. Visua; aids, Finger spelling, IT എന്നിവയിലൂടെയുള്ള ലളിതമായ പഠനരീതി കുട്ടികളുടെ പഠനം പ്രയോജനകരവും വ്യത്യസ്തവും ആക്കുന്നു. വിവിധങ്ങളായ കഴിവുകളുള്ള കുട്ടികളാണ് ഇവരിൽ ഭൂരിഭാഗവും. ഇവരുടെ കഴിവുകൾ കണ്ടെത്തി പരിശീലനം നൽകി. കലാ, കായിക, പ്രവൃത്തി പരിചയ മേഖലകളിൽ പങ്കെടുപ്പിച്ച് സമ്മാനം നേടുന്നതിനും എസ്.എസ്.എൽ.സി. പരീക്ഷയിൽ ഗ്രേസ് മാർക്ക് ലഭിക്കുകയും ചെയ്യുന്നു. സംസ്ഥാനതല മത്സരങ്ങളിൽ നേരിട്ട് പങ്കെടുക്കാൻ ഇവർക്ക് അവസരം ലഭിക്കുന്നു.

പൊതുസമൂഹത്തിന്റേയും പി.ടി.എ, മാനേജ്മെന്റ് എന്നിവയുടെ പിന്തുണകൊണ്ട് വരും വർഷങ്ങളിൽ കൂടുതൽ മികവ് നേടാനുള്ള കരുത്ത് പകരുന്ന രീതിയിലാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

പി.ടി.എ. പ്രസിഡണ്ട് ഹെഡ്മിസ്ട്രസ്

എം.പി.ടി.എ. പ്രസിഡണ്ട്

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | സ്നേഹാലയം സി.എസ്.ഐ. ഹൈസ്കൂൾ ഫോർ ദ ഡഫ് |
| മേൽവിലാസം | : | കുന്നംകുളം 680503 |
| ഫോൺ | : | 9847393999 |
| സ്കൂൾ കോഡ് | : | 24398 |
| മുൻസിപ്പാലിറ്റി | : | കുന്നംകുളം |
| വാർഡ് | : | 19 |
| വിദ്യാഭ്യാസ ഉപജില്ല | : | കുന്നംകുളം |
| വിദ്യാഭ്യാസ ജില്ല | : | ചാവക്കാട് |
| റവന്യൂ ജില്ല | : | തൃശൂർ |
| ബി.ആർ.സി. | : | ചൊവ്വന്നൂർ |
| സി.ആർ.സി. | : | ജി.ജി.എൽ.പി.എസ്. കുന്നംകുളം |
| താലൂക്ക് | : | കുന്നംകുളം |
| വില്ലേജ് | : | കുന്നംകുളം |

## പൊതുലക്ഷ്യങ്ങൾ

- എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിക്കാൻ സഹായിക്കുക.
- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ എഴുതാനും വായിക്കാനും ഉള്ള കഴിവ് ഉറപ്പുവരുത്തുക.
- കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവക്ക് പരമാവധി പ്രോത്സാഹനവും പരിശീലനവും ലഭ്യമാക്കുക.
- വായന പ്രോത്സാഹിപ്പിക്കുക.
- Visual aids, IT ഇവ കൂടുതൽ ഫലപ്രദമായി ക്ലാസ് മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കുക. അതുവഴി കുട്ടികൾക്ക് മെച്ചപ്പെട്ട പഠനാനുഭവങ്ങൾ ഉറപ്പുവരുത്തുക.
- രക്ഷിതാക്കളുടെ ബോധവൽക്കരണം
- കുട്ടികൾക്ക് മനസ്സിലാകുന്ന തരത്തിൽ പാഠഭാഗങ്ങൾ അനുരൂപീകരണം നടത്തി വർക് ഷീറ്റുകൾ ലഭ്യമാക്കുക.
- വിദ്യാലയപരിസരം കുട്ടികളുടെ അറിവു നിർമ്മാണ ഇടങ്ങളായി മാറ്റുക.
- കൃഷി, ഔഷധത്തോട്ടം, ഉദ്യാനം ഇവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് കുട്ടികളെ പ്രോത്സാഹിപ്പിക്കുക.
- സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ് തുടങ്ങിയവ കൃത്യമായി നടപ്പിലാക്കൽ.
- ക്ലബ് പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുക.

## കുട്ടികൾക്കുള്ള പ്രത്യേക പിന്തുണാ പ്രവർത്തനങ്ങൾ

- കുട്ടികൾക്ക് ശ്രവണ സഹായികൾ ലഭ്യമാക്കുന്നതിന് സഹായം ലഭ്യമാക്കൽ.
- പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങിയവ
- സർഗ്ഗവേള
- Speech Therpy
- Drawing Class
- Vocational Training തയ്യൽ എംബ്രോയഡറി, കുടനിർമ്മാണം, ചന്ദനത്തിരി നിർമ്മാണം..
- പൊതുവിജ്ഞാനം വർദ്ധിപ്പിക്കാനുതകുന്ന ക്വിസ് പരിപാടികൾ
- കൗമാരപ്രായക്കാരായ കുട്ടികൾക്ക് ആവശ്യമെങ്കിൽ കൗൺസിലിങ്ങ്, ഹെൽപ് ഡെസ്ക് മുഖേന നൽകുന്നു.

# ലക്ഷ്യങ്ങൾ

## ഭാഷാവികസനം

- എല്ലാ കുട്ടികൾക്കും ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിന് കഴിവ് നേടുക.
- Speech therapy, lip reading, auditory training ISL training
- സചിത്ര നോട്ട് ബുക്ക്, Local Text വായിച്ച് ഗ്രഹിക്കാനുള്ള കഴിവ് നേടുക.
- സർഗ്ഗാത്മക രചനക്കുള്ള അവസരം സൃഷ്ടിക്കുക.
- ഭാഷാ ശേഷി വികസനത്തിന് ആധുനിക സാങ്കേതിക വിദ്യാസാധ്യതകൾ

## ഇംഗ്ലീഷ്

- സ്വതന്ത്ര വായനക്കും എഴുത്തിനും കുട്ടികളെ സജ്ജരാക്കുക.
- പദസമ്പത്ത് വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ ഒരുക്കുക.
- ഐ.ടി. സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.
- സ്കൂൾ ലൈബ്രറിയിൽ ലഘു ഇംഗ്ലീഷ് കഥകൾ ഉൾപ്പെടുത്തുക.
- ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക.
- സചിത്ര നോട്ട് ബുക്ക്, അടിസ്ഥാന ഭാഷാ ശേഷികൾ നേടാൻ ഉപയോഗപ്പെടുത്തുക.
- Games, Story എന്നിവയിലൂടെ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ പഠനസാമഗ്രികൾ തയ്യാറാക്കാൻ രക്ഷിതാക്കളുടെ സഹായം തേടുക.

## പരിസരപഠനം

- ശാസ്ത്ര പഠനത്തിൽ താല്പര്യം വളർത്തുക. ശാസ്ത്രീയ മനോഭാവം വികസിപ്പിക്കുക.
- ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുക.
- ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.
- ഐ.സി.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തുക.

## സാമൂഹികാവബോധം

- സമൂഹത്തിൽ ഇണങ്ങി ജീവിക്കാൻ ഉതകുന്ന ജീവിത നൈപുണികൾ വളർത്തുക.
- ജനാധിപത്യജീവിതസംസ്കാരം വളർത്തി എടുക്കുക.
- വിവിധ ദിനാചരണങ്ങൾ സമൂഹവുമായി ബന്ധപ്പെടുത്തുക.

## ഗണിതം

- അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
- ഗണിതത്തെ നിത്യജീവിതവുമായി ബന്ധപ്പെടുത്തുക.
- ഐ.സി.ടി. ഗണിതപഠനത്തിൽ പ്രയോജനപ്പെടുത്തുക.
- യുക്തി ചിന്ത, വിശകലനശേഷി ഇവ വളർത്തുക.

## ICT

- കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക.

## കലാപരിശീലനം

- കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക. സവിശേഷ കഴിവിന്റെ വികസനത്തിന് അവസരം ഒരുക്കുക.
- ICT കലാപഠനത്തിന് ഉപയോഗപ്പെടുത്തുക.

## ആരോഗ്യവിദ്യാഭ്യാസം

- ശരിയായ ആരോഗ്യശീലങ്ങൾ വളർത്തുക.
- സ്കൂൾ പരിസരം മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക.

## ജൂൺ ആദ്യവാര പ്രവർത്തനങ്ങൾ

നല്ലപാഠം, നല്ല മനുഷ്യനാവുക എന്ന ലക്ഷ്യം വെച്ചുകൊണ്ട് വിദ്യാഭ്യാസ വകുപ്പ് ആസൂത്രണം ചെയ്തിട്ടുള്ള വിവിധ ക്ലാസ്സുകൾ.

ജൂൺ 3 — മയക്കുമരുന്ന് ഉപയോഗത്തിനെതിരെ

ജൂൺ 4 — റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, സ്കൂൾ വാഹനസഞ്ചാരം അറിയേണ്ട കാര്യങ്ങൾ – ട്രാഫിക് നിയമങ്ങൾ.

ജൂൺ 9 — ആഹാരം, ആരോഗ്യം, വ്യായാമം, കായികക്ഷമത.

ജൂൺ 10 — ഡിജിറ്റൽ അച്ചടക്കം

ജൂൺ 11 — പൊതുമുതൽ സംരക്ഷണം

ജൂൺ 12 — പരസ്പര സഹകരണത്തിന്റെ പ്രാധാന്യം

ജൂൺ 13 — പൊതു ക്രോഡീകരണം

ഈ വിഷയങ്ങൾ ഓരോ അധ്യാപകർക്ക് ചുമതല ഏൽപ്പിച്ചു.

## എൽ.പി. ഉദ്ഗ്രഥിതം

**പ്രവർത്തനങ്ങൾ – ഡയറി നിർമ്മാണം, സചിത്ര കഥാ പതിപ്പ് നിർമ്മാണം**

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഡയറി നിർമ്മാണം | സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു.<br>പദനിർമ്മാണം<br>ലഘുവാക്യനിർമ്മാണം<br>ദൈനംദിനകാര്യങ്ങൾ എഴുതൽ<br>ചിത്രം വരക്കൽ<br>ഡയറി നിർമ്മാണം<br>രക്ഷിതാക്കളെ ബോധ്യപ്പെടുത്തൽ (എഴുത്തിന്റെ മികവ്) | ആഗസ്റ്റ്<br>സെപ്തംബർ<br>വർഷം മുഴുവൻ | ക്ലാസ് ടീച്ചർ<br>മലയാള ക്ലബ് | |
| പാഠഭാഗവുമായി ബന്ധപ്പെട്ടവ കഥാരൂപത്തിൽ തയ്യാറാക്കൽ | കഥാപുസ്തകങ്ങൾ പരിചയപ്പെടുത്തൽ, ക്ലാസ് ലൈബ്രറി നിർമ്മാണം, ചിത്രവായന നടത്തൽ, ചിത്രത്തിന് അനുയോജ്യമായ വാക്യനിർമ്മാണം, പാഠഭാഗങ്ങളിലെ വാക്യങ്ങൾക്കനുയോജ്യമായി | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ<br>മലയാള ക്ലബ് | |

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | ചിത്രരചന<br>കഥാപതിപ്പ് നിർമ്മാണം | | | |
| പരീക്ഷണ നിരീക്ഷണ ങ്ങളിലൂടെ ജലത്തിന്റെ പ്രത്യേകത കൾ കണ്ടെ ത്തുക | ജലത്തിന്റെ ഉപയോഗങ്ങൾ<br>വെള്ളത്തിൽ മുങ്ങുന്നവ/ പൊ ങ്ങുന്നവ<br>ജലജീവികൾ<br>പോസ്റ്റർ നിർമ്മാണം<br>ജലത്തിൽ ലയിക്കുന്നവ/ അല്ലാത്തവ<br>വെള്ളത്തിന്റെ ആകൃതി | ജൂൺ<br>ജൂലായ്<br>ആഗസ്റ്റ് | ക്ലാസ് ടീച്ചർ | |
| ജീവികളുടെ സവിശേഷ തകൾ കുട്ടി കൾ സ്വന്ത മായി പറ യുകയും എഴുതു കയും ചെയ്യുക | ചുറ്റുപാടും കാണുന്ന കിളി കളെ പരിചയപ്പെടുത്തുന്നു പക്ഷികളുടെ ചിത്രങ്ങളുടെ, സവിശേഷതകളും ഉൾക്കൊള്ളുന്ന ചിത്രകർഡ് നിർമ്മാണം നടത്തുന്നു. | ജൂലായ്<br>ആഗസ്റ്റ് | ക്ലാസ് ടീച്ചർ | |
| വ്യത്യസ്ത രൂപങ്ങൾ ഉപയോഗിച്ച് പുതിയ രൂപ ങ്ങൾ നിർമ്മിക്കു ന്നു.<br>സംഖ്യാരൂ പീകരണം 100ന്റെ കൂടെ 10കളും 1 കളും ചേർത്ത് സംഖ്യകൾ രൂപീകരി ക്കുന്നു | **എൽ.പി. ഗണിതം**<br>ചതുരം, വട്ടം, ത്രികോ ണം എന്നീ രൂപങ്ങൾ ഉപ യോഗിച്ച് വ്യത്യസ്ത രൂപ ങ്ങൾ നിർമ്മിക്കുന്നു.<br>ആശംസാകാർഡ് നിർമ്മാണം<br>പാറ്റേൺ നിർമ്മാണം<br>വ്യത്യസ്ത പാത്രങ്ങളിൽ ഉള്ള നൂറിന്റെ കൂട്ടവും 10ന്റെ കൂട്ടവും 1ന്റെ കൂട്ടവും ചേർത്ത് സംഖ്യ കൾ രൂപീകരിക്കുന്നു.<br>100 മുതൽ 200 വരെയുള്ള സംഖ്യകളുടെ സംഖ്യാപാ റ്റേൺ തയ്യാറാക്കുന്നു. | ജൂലായ്<br>ആഗസ്റ്റ്<br>ആഗസ്റ്റ്<br>സെപ്തം ബർ | ക്ലാസ് ടീച്ചർ<br>ഗണിത ക്ലബ് | |

Work Sheet
Reaching Card Workshop

## ഇംഗ്ലീഷ്

പ്രവർത്തനം 1

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടാൻ കുട്ടികളെ പ്രാപ്തരാക്കുക | കുട്ടികളെയും രക്ഷിതാക്കളെയും പങ്കെടുപ്പിച്ച് റീഡിംഗ് കാർഡ് നിർമ്മിക്കൽ<br>കുട്ടികളുടെ നിലവാരമനുസരിച്ച് വർക്ഷീറ്റ് തയ്യാറാക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ഇംഗ്ലീഷ് ടീച്ചർ | |

**പ്രവർത്തനം 2** **Oneman Show**

| | | | | |
|---|---|---|---|---|
| ശരിയായി ഇംഗ്ലീഷ് മനസ്സിലാക്കാനും അനായാസം സംസാരിക്കാനും അവസരം ഒരുക്കുന്നു. | ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു | ജൂൺ മുതൽ മാർച്ച് വരെ | | |

**പ്രവർത്തനം 3** **I too can**

| | | | | |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | വായനാ കാർഡുകൾ നൽകുന്നു തെറ്റു കൂടാതെ വായിക്കാൻ അവസരം ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ഇംഗ്ലീഷ് ടീച്ചർ | |

**പ്രവർത്തനം 4** **Reading Corner**

| | | | | |
|---|---|---|---|---|
| വായനാശീലം വളർത്തുക | ഒഴിവുസമയങ്ങളിൽ വായിക്കാൻ പിക്ചേർസ് ഉള്ള സിംപിൾ ബുക്ക് ഒരുക്കുക വായനാമൂല | ജൂൺ മുതൽ മാർച്ച് വരെ | ഇംഗ്ലീഷ് ടീച്ചർ | |

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **പ്രവർത്തനം 5** | **Run Baby Run** | | | |
| തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു | ക്ലാസ്സിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിൽ എഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവശ്യം വായിച്ചതിന് ശേഷം തെറ്റ് കൂടാതെ പകർത്തി എഴുതണം .ആദ്യം എഴുതിയ ഗ്രൂപ്പ് വിജയിയാവുന്നു. | Weekly | ഇംഗ്ലീഷ് ടീച്ചർ | |
| **പ്രവർത്തനം 6** | **Mini Dictionary** | | | |
| | കുട്ടികൾ തയ്യാറാക്കുന്നു | Yearly | ഇംഗ്ലീഷ് ടീച്ചർ | |
| **പ്രവർത്തനം 7** | **Role Play, Film Show** | | | |
| ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം വളർത്തുന്നു | പാഠഭാഗങ്ങളിലെ ആശയങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് കുട്ടികളുടെ Role Play | ജൂൺ മുതൽ മാർച്ച് വരെ | ഇംഗ്ലീഷ് ടീച്ചർ | |
| **പ്രവർത്തനം 8** | **ക്ലാസ് മാഗസിൻ** | | | |
| ആശയങ്ങൾ ആവിഷ്കരിക്കുന്നതിന് കഴിവ് | വിദ്യാലയവിശേഷങ്ങൾ, കുട്ടികളുടെ സൃഷ്ടികൾ എന്നിവ പങ്കുവെക്കുന്ന ക്ലാസ്സ്തല മാഗസിൻ | ജൂൺ മുതൽ മാർച്ച് വരെ | ഇംഗ്ലീഷ് ടീച്ചർ | |
| **പ്രവർത്തനം 9** | **English Dairy** | | | |
| ഇംഗ്ലീഷ് രചന മെച്ചപ്പെടുന്നതിന് | ഓരോ ദിവസവും വീട്ടിലേയും വിദ്യാലയത്തിലെയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുകയും അവതരിപ്പിക്കുകയും ചെയ്യുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ഇംഗ്ലീഷ് ടീച്ചർ | |

**U.P. മലയാളം**

**പ്രവർത്തനം 1 ചിത്രം വായിക്കാം**

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ചിത്രവായന | ചിത്രങ്ങൾ നൽകി വസ്തു ക്കളുടെ പേര് പറയുന്നു എഴുതുന്നു.<br>ചിത്രങ്ങൾ നോക്കി പറയുന്നു<br>ചിത്രകഥാ പതിപ്പ് | ആഗസ്റ്റ്<br>സെപ്തം ബർ | മലയാളം ടീച്ചർ | |
| **പ്രവർത്തനം 2 പാട്ടിലൂടെ അക്ഷരം പഠിക്കാം** | | | | |
| അക്ഷര ങ്ങൾ വാക്കുകൾ കണ്ടുപിടി ക്കുക | അക്ഷരപാട്ട് നൽകുന്നു<br>ആവർത്തിച്ച് വരുന്ന അക്ഷര ങ്ങൾ, പദങ്ങൾ കണ്ടെത്തുന്നു.<br>പുതിയ വാക്കുകളുടെ അർത്ഥം മനസ്സിലാക്കുന്നു | ആഗസ്റ്റ് | മലയാളം ടീച്ചർ | |
| **പ്രവർത്തനം** | **3 അക്ഷരമാലയിൽ വാക്കു** | **കോർക്കാം** | | |
| അടിസ്ഥാന ഭാഷാ ശേഷി വികസനം | വിവിധ വാക്കുകൾ നൽകി അക്ഷരമാലാക്രമത്തിൽ എഴുതുക<br>അക്ഷര കാർഡ് | ആഗസ്റ്റ് | മലയാളം ടീച്ചർ | |

**ഹൈസ്കൂൾ മലയാളം**

**പ്രവർത്തനം 1 വായിക്കാം വളരാം**

| | | | | |
|---|---|---|---|---|
| പഠിതാവിൽ അർത്ഥ പൂർണ്ണമായ വായന ഉറപ്പ് | വായനാസാമഗ്രികൾ ശേഖരിക്കുക (പത്രം, വായനാ കാർഡുകൾ, പുസ്തകങ്ങൾ)<br>പ്രീടെസ്റ്റ്<br>അക്ഷരം ഉറപ്പിക്കൽ<br>അക്ഷരകാർഡ് നൽകൽ<br>വാക്കുകൾ നിർമ്മിക്കുക<br>വാക്യങ്ങൾ നിർമ്മിക്കുക<br>ചിത്രം അടിക്കുറിപ്പ് | ആഗസ്റ്റ്<br><br>സെപ്തംബർ | മലയാളം ക്ലബ്<br><br>മലയാള അധ്യാപിക | |

**പ്രവർത്തനം 2 പദസമ്പത്ത് വർധിപ്പിക്കുക**

| | | | | |
|---|---|---|---|---|
| നിഘണ്ടു പരിചയം<br>ഭാഷയുടെ അടിസ്ഥാന ശേഷി വികസനം | അക്ഷരമാലാ ക്രമത്തിൽ വാക്കുകളെ തരംതിരിക്കുന്നു<br>നിഘണ്ടു ഉപയോഗിക്കാൻ പരിശീലിക്കുന്നു<br>പത്രം, ആഴ്ചപതിപ്പ് എന്നിവ വായിച്ച് പുതിയ പദങ്ങൾ അടയാളപ്പെടുത്തുകയും അർത്ഥം സ്വയം നിഘണ്ടു നോക്കി കണ്ടുപിടിക്കുകയും ചെയ്യുന്നു. | എല്ലാ ദിവസവും<br><br>ഒരാഴ്ച | മലയാളം ക്ലബ് | |

**പ്രവർത്തനം 3 സാഹിത്യകാരും കൃതികളും**

| | | | | |
|---|---|---|---|---|
| പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ | ലൈബ്രറി ബുക്കുകൾ പരിചയപ്പെടുത്തുന്നു.<br>വിവിധ സാഹിത്യശാഖകൾ, കൃതികൾ എന്നിവ തരം തിരിക്കുന്നു<br>വിവിധ സാഹിത്യകാരന്മാരുടെ കൃതികൾ രേഖപ്പെടുത്തുന്നു<br>വായനകുറിപ്പ്<br>ആൽബം നിർമ്മാണം | സെപ്തംബർ<br><br>വർഷാവസാനം | മലയാളം ക്ലബ്<br><br>മലയാളം ക്ലബ് | |
| | | | | |

## U P ENGLISH

### Activity I - Scrap Book

| Obectives | Activity | Time | Duty | Finance |
|---|---|---|---|---|
| To develop vocabulary | Preserving, presenting and arranging pictures in a book in alphabetical order Photographs, pictures or drawings can be used | 2 months | English Teacher Students | |

### Activity II - Word Hunt

| Obectives | Activity | Time | Duty | Finance |
|---|---|---|---|---|
| To listen and under-stand words | open activity to work either individully in pairs or in small groups. Gives everyone a copy of the handout. Set a time limit and asks to find out words from handout and check answers and compare answers | 1 months | English Teacher Students | |

### Activity III - Moral Story Book

| Obectives | Activity | Time | Duty | Finance |
|---|---|---|---|---|
| To teach children important values like honesty teamwork, respect and self em-powerment | collecting moral stories students tries to match the incidents ie pictures with their sentences. | 1 month | Students English Teacher | |

# H S ENGLISH

**Activity I - Direct Activity - Veg salad, Fruit salad**

| Obectives | Activity | Time | Duty | Finance |
|---|---|---|---|---|
| To study names of fruits, vegetables, utensils etc. To study the use of past, present and future tense | Understands the names of fruits and vegetables and utensils. Tools for cutting, grating and mincing past, present, future | 1 months<br><br>1 months | English Teacher Students<br><br>English Teacher Students | |
| **Activity II - Memory Test - Watch Me** | | | | |
| To watch carefully, to under-stand and answer the questions and to write the answers without mistake | Shows the picture or real objects like flower, apple, vegetables etc. Remove it then teacher asks the students the name, colour, shape, taste number etc. Students answer from memory and writes their names without mistake. | 1 month | Students English Teacher | |
| **Activity III - Guess me and Answer** | | | | |
| To listen to the teacher and under-stand the name of object, place, animal, fruit or vegetable | tences connected with a fruit, vehicle or vegetable. Students should guess and answer the name of object, place, fruit or vegetable. | June to March | English Teacher | |

**Activity IV - English Diary**

| | | | | |
|---|---|---|---|---|
| To develop english vocabulary | Asks the students to write the experiences of students in English (at home and school) | 1 month | English Teacher Students | |

**U.P. ഗണിതം**

**പ്രവർത്തനം 1 ഗണിത ശില്പശാല**

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു. | കളിരീതിയിലൂടെ അടിസ്ഥാനക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ് അബാക്കസ്, ഡിവിഷൻ ബോർഡ് മുതലായവ ഉപയോഗിക്കുന്നു) | ജൂൺ മുതൽ മാർച്ച് വരെ | ഗണിത അധ്യാപകൻ | |

**പ്രവർത്തനം 2 ഒറിഗാമി ശില്പശാല**

| | | | | |
|---|---|---|---|---|
| ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികസനവും | ഒറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പലിശീലനം.<br>വിവിധ രൂപങ്ങൾ നിർമ്മിക്കൽ, സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷാവസാനം | ഗണിത ക്ലബ്<br>ഗണിത ക്ലബ് | |

**പ്രവർത്തനം 3 ഐ.ടി. സാധ്യതകളിലൂടെ**

| | | | | |
|---|---|---|---|---|
| സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ഇവ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തി കുട്ടികളിലേക്ക് എത്തിക്കുന്നു. | മാസത്തിൽ ഒന്ന് | ഗണിത അധ്യാപകൻ | |

**ഗണിതം ഹൈസ്കൂൾ**

| | | | | |
|---|---|---|---|---|
| **പ്രവർത്തനം 1** | **ഒപ്പത്തിനൊപ്പം** | | | |
| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തികം |
| ആശയധാരണ കൈവരിക്കൽ (ചതുഷ്ക്രിയകൾ) | പ്രീടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ ലിസ്റ്റ് തയ്യാറാക്കൽ | ജൂൺ ആദ്യവാരം | അധ്യാപകർ | |
| **പ്രവർത്തനം 2** | | | | |
| നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത ശില്പശാലകൾ | തുടർ പ്രവർത്തനം | അധ്യാപകർ | |
| **പ്രവർത്തനം 3** | **ഐ.ടി. സാധ്യതകളിലൂടെ** | | | |
| ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു | ടേമിൽ ഒന്ന് | S R G | |

## U P സാമൂഹ്യശാസ്ത്രം

| പ്രവർത്തനം 1 | പസിൽ നിർമ്മാണം | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തികം |
| നമ്മുടെ സംസ്ഥാനം ജില്ലകൾ തിരിച്ചറിയുക | കേരള ഭൂപടം (ഔട്ട്ലൈൻ) എളുപ്പത്തിൽ വരക്കാൻ പഠിക്കുന്നു. ജില്ലകൾ വരച്ച് തെർമോകോളിൽ വെട്ടി എടുത്ത് പസിൽ രൂപത്തിൽ ആക്കി ഒട്ടിക്കുന്നു. | ആഗസ്റ്റ് മുതൽ ഒക്ടോബർ വരെ | സോഷ്യൽ സയൻസ് ടീച്ചർ | |
| **പ്രവർത്തനം 2** | **ഭൂപട നിർമ്മാണം (ഇന്ത്യ)** | | | |
| ഇന്ത്യയിലെ സംസ്ഥാനങ്ങൾ തിരിച്ചറിയുക | ഇന്ത്യ-ഭൂപടം വരക്കുന്നു. സംസ്ഥാനങ്ങൾ വരച്ച് നിറം കൊടുത്ത് പേരുകൾ എഴുതുന്നു. ഐ.സി.ടി. ഉപയോഗിച്ച് പേരുകൾ ഉറപ്പിക്കുന്നു. | ജൂൺ മുതൽ ആഗസ്റ്റ് വരെ | സോഷ്യൽ സയൻസ് ടീച്ചർ | |

## ഹൈസ്കൂൾ - സാമൂഹ്യശാസ്ത്രം

| പ്രവർത്തനം 1 | ഇന്ത്യ - ഭൂപ്രകൃതി വിഭാഗങ്ങൾ | | | |
|---|---|---|---|---|
| ഇന്ത്യയുടെ ഭൂപ്രകൃതി സവിശേഷതകൾ അറിയുക | ഇന്ത്യയുടെ മാപ്പ് വരക്കുന്നു. ഭൂപ്രകൃതി സവിശേഷതകൾ മാപ്പിൽ വിവിധ ധാന്യങ്ങൾ ഉപയോഗിച്ച് ചിത്രീകരിക്കുന്നു. | ആഗസ്റ്റ് മുതൽ സെപ്തംബർ വരെ | സോഷ്യൽ സയൻസ് ടീച്ചർ | |
| **പ്രവർത്തനം 2** | **ഭൂപട നിർമ്മാണം** | | | |
| ഇന്ത്യയുടെ ഭൂപടത്തിൽ വൻകരകൾ തിരിച്ചറിയുക | ലോക ഭൂപടം നിരീക്ഷിച്ച് 7 വൻകരകൾ വരച്ച് കളർ ചെയ്ത് പേരുകൾ എഴുതുക. | ആഗസ്റ്റ് | S S ക്ലബ് | |

## സയൻസ് - U P

| പ്രവർത്തനം 1 | **സോപ്പ് നിർമ്മാണം** | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തികം |
| വിവിധതരം ബേസുകളുടെ ഉപയോഗം തിരിച്ചറിയൽ | സോപ്പ് നിർമ്മാണത്തിന് ഉപയോഗിക്കുന്ന ബേസ് തിരിച്ചറിയുന്നു<br>സോപ്പ് നിർമ്മാണ പ്രക്രിയ - നിരീക്ഷിക്കുന്നു. പഠിക്കുന്നു. | ആഗസ്റ്റ് | സയൻസ് ക്ലബ് | |
| **പ്രവർത്തനം 2** | **എമർജൻസി ലൈറ്റ് നിർമ്മാണം** | | | |
| ഒരു ഇലക്ട്രിക് സർക്കീട്ട് എന്താണെന്നും അതിന്റെ ഭാഗങ്ങൾ ഏതാണെന്നും നിത്യജീവിതത്തിൽ ഇത് പ്രയോജനപ്പെടുന്ന സന്ദർഭങ്ങൾ മനസ്സിലാക്കുന്നു. | വർക് ഷോപ്<br>ഇലക്ട്രിക് സർക്യൂട്ട് നിർമ്മിക്കുന്നു.<br>എൽ.ഇ.ഡി. മൊഡ്യൂൾ ഉപയോഗിച്ച് എമർജൻസി ലാംപ് നിർമ്മിക്കുന്നു | സെപ്തംബർ | സയൻസ് ക്ലബ്<br>സയൻസ് ടീച്ചർ | |
| **പ്രവർത്തനം 2** | **വർക്കിംങ്ങ് മോഡൽ നിർമ്മാണം** | | | |
| ശ്വസന വ്യവസ്ഥയുടെ ഭാഗങ്ങൾ മനസ്സിലാക്കുന്നു | പ്ലാസ്റ്റിക് ബോട്ടിൽ, Y-tube ബലൂൺ ഇവ ഉപയോഗിച്ച് ശ്വസന വ്യവസ്ഥ പ്രവർത്തന മാതൃക നിർമ്മിക്കുന്നു. | ഒക്ടോബർ | ക്ലബ് | |
| | | | | |

## സയൻസ് ഹൈസ്കൂൾ

**പ്രവർത്തനം 1 മാതൃസസ്യത്തിന്റെ അതേ ഗുണങ്ങളോട് കൂടിയ തൈച്ചെടികൾ നിർമ്മിക്കാം**

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗ്രാഫ്റ്റിംഗ്, ബഡിംഗ് ലെയറിംഗ് – രീതികൾ മനസ്സിലാക്കുന്നതിന്<br>– സ്വയം ചെയ്യാൻ പഠിക്കുന്നതിന് | സ്കൂൾ മുറ്റത്തുള്ള ചെമ്പരത്തി, പേര എന്നിവയിൽ ഗ്രാഫ്റ്റിംഗ്, ബഡിംഗ് ലെയറിംഗ് ചെയ്യുന്നു.<br>ചെയ്യാൻ ഉള്ള സാമഗ്രികൾ., രീതി ഇവ നിരീക്ഷിക്കുന്നു.<br>സ്വയം ചെയ്യുന്നു. | ജൂൺ ജൂലൈ മാസം | സയൻസ് ക്ലബ് | |
| **പ്രവർത്തനം 2 ജൈവവള നിർമ്മാണം** | | | | |
| ജൈവ മാലിന്യങ്ങൾ വളമാക്കി മാറ്റുന്ന വിധം മനസ്സിലാക്കുന്നു. | ജൈവമാലിന്യ സംസ്കരണ പ്ലാന്റ് സന്ദർശനം<br>സ്കൂൾ ഹോസ്റ്റലിൽ പച്ചക്കറി വേസ്റ്റ് ഇനോക്കുലം അടങ്ങിയ ചകിരിച്ചോറ് ഉപയോഗിച്ച് വളമാക്കി മാറ്റുന്നു. | വർഷം മുഴുവൻ | സയൻസ് ക്ലബ് | |
| **പ്രവർത്തനം 3 വൃക്ക പ്രവൃത്തനാമാതൃക നിർമ്മാണം** | | | | |
| വിസർജന വ്യവസ്ഥയുടെ ഭാഗങ്ങൾ തിരിച്ചറിയുന്നു. അതിന്റെ ഭാഗങ്ങൾ മനസ്സിലാക്കുന്നു. | വൃക്ക, മൂത്രനാളി, മൂത്രസഞ്ചി ഇവ ഉൾപ്പെടുന്ന വ്യവസ്ഥ തെർമോകോൾ, ട്യൂബ്സ്, പ്ലാസ്റ്റിക് ബോട്ടിൽ ഇവ ഉപയോഗിച്ച് നിർമ്മിക്കുന്നു. | ജനുവരി | സയൻസ് ക്ലബ് | |
| **പ്രവർത്തനം 4 തന്മാത്രാ മാതൃകകൾ നിർമ്മിക്കുന്നു** | | | | |
| വിവിധ തന്മാത്രകൾ, അതിൽ അടങ്ങിയ ആറ്റങ്ങൾ, സംയുക്ത | ഐ.സി.ടി. ഉപയോഗിച്ച തന്മാത്രകൾ നിർമ്മിക്കുന്നു.<br>ബോൾ ആന്റ് സ്റ്റിക് മോഡൽ ഉപയോഗിച്ച് മാതൃകകൾ നിർമ്മിക്കുന്നു. | ഫെബ്രുവരി | സയൻസ് ക്ലബ് | |

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ങ്ങൾ ഇവ മനസ്സിലാക്കുന്നു | | | | |
| **പ്രവർത്തനം 5 ഡി.എൻ.എ. സ്റ്റിൽ മോഡൽ നിർമ്മാണം** | | | | |
| ഡി.എൻ.എ. യുടെ സ്ഥാനം, ഘടന ഇവ മനസ്സിലാക്കുന്നു | സ്ട്രോ, സ്പോഞ്ച്, മുത്തുകൾ ഇവ ഉപയോഗിച്ച് ഡി. എൻ.എ. മാതൃക നിർമ്മിക്കുന്നു. | ഫെബ്രുവരി | സയൻസ് ക്ലബ് | |

## പ്രവൃത്തി പരിചയം

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക. | Coir door mats<br>Umbrella } making<br>Agarbathi<br>net<br>പരിശീലനം<br>veg. printing<br>beads work | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ | |
| 2. കരകൗശല വസ്തു നിർമ്മാണം ഒറിഗാമി ഇതരവിഷയങ്ങളുടെ പഠനവുമായി പ്രവൃത്തി പരിചയം ബന്ധിപ്പിക്കുക | പാഠഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായി പരിശീലനം നല്കുന്നു. | ജൂലായ് | റിസോഴ്സ് പേഴ്സൺ | |

## ആരോഗ്യവിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം | പി.ടി. പിരീഡിൽ യോഗ ക്ലാസ്, മറ്റു കളികൾ പരിശീലനം | ജൂൺ മാർച്ച് | പി.ടി. ടീച്ചർ | |

# സംഗ്രഹം

സ്നേഹാലയം സ്പെഷ്യൽ സ്കൂളിലെ കുട്ടികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന്റെ ഭാഗമായി തയ്യാറാക്കിയ അക്കാദമിക മാസ്റ്റർ പ്ലാൻ ശുഭാപ്തി വിശ്വാസത്തോടെ സമർപ്പിക്കുന്നു.